വാർത്താക്കുറിപ്പ്

2026 സെപ്റ്റംബർ 22

## സ്കോളർഷിപ്പുകൾക്കും സാമ്പത്തികസഹായ പദ്ധതികൾക്കും അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവകലാശാലയിലെ വിദ്യാർഥികൾക്കായി ഡയറക്ടറേറ്റ് ഓഫ് സ്റ്റുഡന്റ്സ് വെൽഫെയർ നടപ്പാക്കുന്ന വിവിധ സ്കോളർഷിപ്പ്, സാമ്പത്തിക സഹായ പദ്ധതികളിലേക്ക് 2026–27 അധ്യയന വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു.

ഭിന്നശേഷിയുള്ള വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്, ഗുരുതര രോഗങ്ങൾക്ക് ചികിത്സയിൽ കഴിയുന്ന വിദ്യാർഥികൾക്കുള്ള ക്രിട്ടിക്കൽ ഇൽനെസ് മെഡിക്കൽ എയ്ഡ്/ സാമ്പത്തിക സഹായം, ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് എന്നിവയ്ക്ക് ഇപ്പോൾ അപേക്ഷിക്കാം.

സാംസ്കാരിക സ്കോളർഷിപ്പിനും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവകലാശാല ഇന്റർ കൊളീജിയറ്റ് യൂത്ത് ഫെസ്റ്റിവൽ – ഇനിമൈ 2026-ൽ വ്യക്തിഗത ഇനങ്ങളിൽ ഒന്നാം സ്ഥാനം നേടിയ വിദ്യാർഥികൾക്കാണ് ഈ സ്കോളർഷിപ്പിന് അർഹത.

2026ലെ റിപ്പബ്ലിക് ഡേ പരേഡിൽ പങ്കെടുത്ത മഹാത്മാഗാന്ധി സർവകലാശാലയിലെ എൻ.സി.സി./എൻ.എസ്.എസ്. കേഡറ്റുകൾക്കും വോളന്റിയർമാർക്കുമുള്ള ക്യാഷ് അവാർഡിനും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

അർഹരായ വിദ്യാർഥികൾ അതത് സ്ഥാപനങ്ങളിലെ സ്റ്റുഡന്റ് വെൽഫെയർ കോ-ഓർഡിനേറ്റർ/നോഡൽ ഓഫീസർ മുഖേന ഡി.എസ്.ഡബ്ല്യു. പോർട്ടൽ വഴി നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കണം.

യോഗ്യതാ മാനദണ്ഡങ്ങൾ, അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമം, അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി തുടങ്ങിയ വിശദാംശങ്ങൾ dsw.mgu.ac.in-ഇൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് dsw@mgu.ac.in/0481-2733376.

പി.ആർ.ഒ/848/2026

എം.ജി.യു. ഓൺലൈൻ പ്രോഗ്രാമുകൾ: അപേക്ഷ സെപ്റ്റംബർ 30 വരെ നീട്ടി

മഹാത്മാഗാന്ധി സർവകലാശാലയുടെ ഓൺലൈൻ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളിലേക്ക് സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം. യു.ജി.സി. അംഗീകാരമുള്ള ഈ കോഴ്സുകൾ, റെഗുലർ ബിരുദത്തിന് തുല്യമാണ്. പൂർണ്ണമായും ഓൺലൈനായതിനാൽ വിദേശത്തുള്ളവർക്കും ജോലി ചെയ്യുന്നവർക്കും പഠിക്കാം. എസ്. സി./എസ്.ടി., ഭിന്നശേഷി, വനിതകൾ തുടങ്ങിയ വിഭാഗക്കാർക്കും സർവകലാശാലാ വിദ്യാർത്ഥികൾക്കും ഫീസ് ഇളവ് ലഭിക്കും. വിശദ വിവരങ്ങൾക്ക്: cdoe.mgu.ac.in. ഫോൺ: 0481 2731010, 8547852326.

പി.ആർ.ഒ/849/2026

പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് – ന്യൂ സ്കീം (2025 അഡ്മിഷൻ റെഗുലർ, 2024 ഇംപ്രൂവ്മെന്റ്, 2020–2024 സപ്ലിമെന്ററി) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 3 വരെ ഓൺലൈനായി അപേക്ഷിക്കാം.

പി.ആർ.ഒ/850/2026

പബ്ലിക് റിലേഷൻസ് ഓഫീസർ